# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** 27.02.2018 ൽ മറുപടിക്ക്

**ചോദ്യം നമ്പർ : 464**

## കാസർകോട് ആസ്റ്റൽ വാച്ചസ് കമ്പനി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ. എ. നെല്ലിക്കുന്ന്.** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കാസർകോട് ആസ്റ്റൽ വാച്ച് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടങ്ങളും സി.എച്ച്.മുഹമ്മദ് കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിന് പതിച്ച് നൽകാൻ മുൻ സർക്കാർ തീരുമാനം എടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) (ബി) & (സി) | കാസർഗോഡ് ആസ്റ്റൽ വാച്ചസിന്റെ സ്ഥലവും കെട്ടിടവും സി എച്ച് മുഹമ്മദ് കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിന്റെ റീജിയണൽ സെന്റർ തുടങ്ങാൻ സൗജന്യമായി പതിച്ചുനൽകുന്നതു സംബന്ധിച്ച് 25.02.2016 ൽ മന്ത്രിസഭായോഗത്തിനു മുൻപാകെ സമർപ്പിച്ച കുറിപ്പിലെ നിർദ്ദേശം മന്ത്രിസഭായോഗം (ഇനം. 8523) മന്ത്രിസഭ അംഗീകരിച്ചിരുന്നു (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). 01.01.2016 മുതൽ 30.04.2016 വരെയുള്ള മന്ത്രിസഭായോഗതീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിരുന്നു. ഫയലിനാസ്പദമായ വിഷയം പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയ്ക്കായി സമർപ്പിയ്ക്കുകയുണ്ടായി. 29.03.2017 ലെ 63/എസ്.സി1/ 2017/ പൊ.ഭ.വ (എസ്.സി) നമ്പർ കുറിപ്പുപ്രകാരം മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് വ്യക്തമായ ശുപാർശ സമർപ്പിച്ചിട്ടുള്ള തീരുമാനങ്ങളൊഴികെയുള്ള തീരുമാനങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപ് നിലവിലുള്ള മന്ത്രിസഭാ തീരുമാനങ്ങളിൽ നിയമപരമായോ മറ്റോ അപാകതകൾ ഉണ്ടോയെന്ന് സെക്രട്ടറിമാർ ഒരിക്കൽകൂടി പരിശോധിക്കേ |
| (ബി) | എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) | ഈ സർക്കാർ പ്രസ്തുത വിഷയത്തിൽ കൈക്കൊണ്ടതും കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ണ്ടതാണ് എന്ന് നിർദ്ദേശമുണ്ടായിരുന്നു. ഇതിന് മന്ത്രിസഭാ ഉപസമിതി കൺവീനറുടേയും ബഹു. മുഖ്യമന്ത്രിയുടേയും അനുമതി ഉണ്ടായിരുന്നു.<br>2005 ൽ പ്രവർത്തനം നിലച്ച ആസ്ട്രൽ വാച്ച് കമ്പനി സെക്യൂഡ് , അൺ സെക്യൂഡ് , കറന്റ് അക്കൗണ്ട്സ് ഡ്യൂസ് എന്നീ ഇനങ്ങളിലായി 360.96 ലക്ഷം രൂപ കെ എസ് ഐ ഡി സി യ്ക്ക് നൽകാനുണ്ടായിരുന്നു. കെ എസ് ഐ ഡി സി യുടെ നഷ്ടം കമ്പനിയുടെ ആസ്തി ഏറ്റെടുത്ത് സെറ്റ് ഓഫ് ചെയ്യാൻ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്പനിയുടെ 1.9 ഏക്കർ ഭൂമിയും അതിൽപ്പെട്ട കെട്ടിടവും യന്ത്രസാമഗ്രികളും കെ എസ് ഐ ഡി സി ഏറ്റെടുക്കുകയുണ്ടായത്. ഏറ്റെടുത്ത ആസ്തികൾ 2010 ലെ ഫെയർ വാല്യൂ അനുസരിച്ച് 400 ലക്ഷത്തോളം രൂപ വിലമതിക്കുന്നതാണ്.<br>ആസ്ട്രൽ വാച്ച് കമ്പനി ഏറ്റെടുക്കുന്നതിലൂടെ എത്ര രൂപയുടെ നഷ്ടം കെ എസ് ഐ ഡി സി യ്ക്ക് ഉണ്ടായി എന്ന് വ്യക്തമായ കണക്ക് അവതരിപ്പിക്കാൻ കെ എസ് ഐ ഡി സി യോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഡി) | ആസ്ട്രൽ വാച്ച് കമ്പനി കെട്ടിടം സ്ഥിതിചെയ്തിരുന്ന 1.99 ഏക്കർ സ്ഥലം വെറുതെ കിടക്കുന്നതിന് പകരം മറ്റെന്തെങ്കിലും സംരംഭങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | വ്യവസായികമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. പി. പി .പി .വ്യവസ്ഥയിൽ ഒരു എക്സിബിഷൻ / കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ എസ് ഐ ഡി സി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 25-02-2016.

ഫയൽ നം.34975/ജെ3/2014/വ്യവ. ഇനം നം: 8523

23. വിഷയം : വ്യവസായ വകുപ്പ് - കാസറഗോഡ് ആസ്ട്രൽ വാച്ചസിന്റെ സ്ഥലവും കെട്ടിടവും സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിന്റെ റീജിയണൽ സെന്റർ തുടങ്ങാൻ സൗജന്യമായി പതിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
ഉമ്മൻചാണ്ടി
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ജിജി തോംസൺ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ- വിവര സാങ്കേതികവിദ്യാ വകുപ്പ്.

24. Orders above DFA.

1/3/16

3-03-16

Bindu T
സെക്ഷൻ ഓഫീസർ